ഓരോ പകൽ വീടുകൾ ആരംഭിക്കുന്നതിനുള്ള സെന്റർ കണ്ടെത്തുകയും സ്റ്റാഫുകളെ റിക്രൂട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ മാസം ഇതിന്റെ പ്രവർത്തനമാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. താഴെപ്പറയുന്ന സൗകര്യങ്ങളാണ് പകൽ വീടുകളിൽ ലഭ്യമാക്കിയിട്ടുള്ളത്.

1. വീടുകളിൽനിന്നും പകൽവീടുകളിലേയ്ക്കും തിരിച്ചുമുള്ള യാത്രാസൗകര്യം.
2. തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ
3. വിനോദത്തിനും വിജ്ഞാനത്തിനുമുള്ള സൗകര്യങ്ങൾ
4. ഭക്ഷണം പാകം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ
5. സാമ്പത്തികമായ നേട്ടങ്ങൾ ലഭിക്കുന്ന ചെറിയ ചെറിയ തൊഴിലുകൾ ചെയ്യുന്നതിനായുള്ള സംരക്ഷീത തൊഴിൽശാലകൾ
6. വ്യായാമത്തിനുള്ള സൗകര്യങ്ങൾ
7. രോഗികൾക്കും ബന്ധുക്കൾക്കും കൗൺസിലിംഗ്
8. സാമൂഹിക ചുറ്റുപാടുകളിലുള്ള രോഗികളുടെ പുനരധിവാസം ലക്ഷ്യമിടുന്ന പരിശീലനം, സഹായം എന്നിവ.

കരൾമാറ്റ ശസ്ത്രക്രിയ

17 (682) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് കരൾമാറ്റ ശസ്ത്രക്രിയ ചെയ്യുവാൻ നിലവിൽ സൗകര്യമുള്ളത് ;

(സി) എത്ര രോഗികൾ കരൾമാറ്റ ശസ്ത്രക്രിയക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) കരൾമാറ്റ ശസ്ത്രക്രിയ എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കുള്ള അനുമതി സർട്ടിഫിക്കറ്റ് 20-5-2015-ൽ നൽകിയിട്ടുണ്ട്. ശസ്ത്രക്രിയ ആരംഭിച്ചിട്ടില്ല.

(സി) കേരളത്തിൽ ആകെ 154 രോഗികൾ മരണാനന്തര അവയവമാറ്റ പദ്ധതിയായ മൃതസഞ്ജീവനിയിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന്, പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും അതിനാവശ്യമായ ആധുനിക ഉപകരണങ്ങളുടെയും ലഭ്യതയനുസരിച്ച് ടി ശസ്ത്രക്രിയ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ട്രോമ കെയർ മോഡൽ മെഡിക്കൽ ലാബ്

18 (683) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയോടനുബന്ധിച്ചുള്ള ട്രോമാ കെയർ കോംപ്ലക്സിന്റെ നിർമ്മാണം എത്ര ഘട്ടമായാണ് നടന്നത് ; ഓരോ ഘട്ടത്തിന്റെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലേക്ക് ട്രോമാ കെയർ യൂണിറ്റ് അനുവദിച്ചത് എന്നാണ് ; ഇതിലൂടെ എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കും ;

(സി) പ്രസ്തുത സംവിധാനം എന്നു മുതൽ പ്രവർത്തിപ്പിക്കാൻ ആലോചിക്കുന്നു ?

ഉത്തരം

(എ) രണ്ട് ഘട്ടമായിട്ടാണ് നടക്കുന്നത്. ഒന്നാംഘട്ട നിർമ്മാണം പൂർത്തിയായി. രണ്ടാം ഘട്ടനിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) 14-8-2009-ലെ സർക്കാർ . ഉത്തരവ് (ആർടി.)നമ്പർ 1184/2009/ PWD. പ്രകാരം ബിൽഡിംഗ് നിർമ്മാണത്തിന് അനുമതി നൽകി. ടി ബിൽഡിംഗ് പൂർത്തിയാകുമ്പോൾ ട്രോമാ കെയർ പരിചരണവും വിദഗ്ധ ചികിത്സയും യൂണിറ്റിലൂടെ ലഭ്യമാക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly